# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27-10-2024**

### പ്രധാനവാർത്തകൾ

1. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മൻ കി ബാത്തിന്റെ 115-ാം അധ്യായത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; ഡിജിറ്റൽ അറസ്റ്റ് ഭീഷണികൾ വ്യാജമെന്നും മുന്നറിയിപ്പ്.

2. രാജ്യത്തെ മുന്നോട്ടു നയിച്ച സർദാർ പട്ടേലിന്റെയും ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികം ഏകത്വത്തിന്റെ ആഘോഷമാക്കാൻ പ്രധാനമന്ത്രിയുടെ ആഹ്വാനം.

3. ഇന്ത്യയെ സ്വയം പര്യാപ്തമാക്കുന്നതിൽ ആത്മനിർഭർ ഭാരത് നിർണ്ണായക പങ്കുവഹിച്ചതായി പ്രധാനമന്ത്രി; ആനിമേഷൻ രംഗത്ത് വിപ്ലവം സൃഷ്ടിക്കാനുള്ള പാതയിലാണ് രാജ്യമെന്നും പരാമർശം.

4. തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ വികസനത്തിന് കേന്ദ്ര അംഗീകാരം ലഭിച്ചതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

5. സംസ്ഥാനത്ത് വയനാട്, പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകളുടെ പ്രചാരണം സജീവം; സൂക്ഷ്മപരിശോധന നാളെ.

PNU TVPM

6. ഇന്ത്യ-ന്യൂസിലാൻഡ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്; ഐഎസ്എല്ലിൽ മുംബൈയും ഒഡീഷയും ഏറ്റുമുട്ടും.

***************

ഹെഡ്‌ലൈൻ-1, 2

**മൻ കി ബാത് - 1 (ഇൻട്രോ)**

സൈബർ കുറ്റകൃത്യങ്ങൾ തിരിച്ചറിയാനും തട്ടിപ്പുകളിൽ അകപ്പെടാതെയിരിക്കാനും ജാഗ്രത പാലിക്കണമെന്ന് മൻ കി ബാത്തിലൂടെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി പ്രധാനമന്ത്രി നരേന്ദ്രമോദി. ഉറച്ച ധൈര്യവും ദീർഘവീക്ഷണവും കൊണ്ട് രാജ്യത്തെ മുന്നോട്ടു നയിച്ച സർദാർ പട്ടേലിനെയും ബിർസ മുണ്ടയെയും അനുസ്മരിച്ചുകൊണ്ടാണ് പ്രധാനമന്ത്രി 'മൻ കി ബാത്തിൻറെ 115-ാം അധ്യായം ആരംഭിച്ചത്. ഇരുവരുടെയും 150-ാം ജന്മവാർഷികം രാജ്യം സമുചിതമായി ആഘോഷിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വ്യത്യസ്തമായ വെല്ലുവിളികൾ നേരിട്ടവർ ആയിരുന്നെങ്കിലും 'രാജ്യത്തിന്റെ ഐക്യം' എന്ന കാഴ്ചപ്പാട് രണ്ടുപേർക്കും ഒന്നായിരുന്നുവെന്ന് ഇന്നത്തെ അധ്യായത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

RNUTVPM

(ഹോൾഡ് വോയിസ്)

**********************************

ഹെഡ്‌ലൈൻ-3എ

**മൻ കി ബാത്-ആനിമേഷൻ**

ആനിമേഷൻ ലോകത്ത് പുതിയ വിപ്ലവം സൃഷ്ടിക്കാനുള്ള പാതയിലാണ് ഭാരതമെന്ന് ഛോട്ടാ ഭീമടക്കമുള്ള കാർട്ടൂണുകളെ ഉദാഹരിച്ചുകൊണ്ട് പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്തിന്റെ ഗെയിമിംഗ് മേഖല അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും ഇന്ത്യൻ

പ്രതിഭാശാലികൾ വിദേശ കമ്പനികളുടെ പ്രധാന ഭാഗമായി മാറിക്കൊണ്ടിരിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു. വെർച്വൽ ടൂറിസത്തിൻറെ സാധ്യതകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

**********************************

ഹെഡ്ലൈൻ-3

**ആത്മനിർഭർ-മൻ കി ബാത്ത് (ഇൻട്രോ)**

രാജ്യത്തെ സ്വയം പര്യാപ്തമാക്കുന്നതിനൊപ്പം നവീകരണത്തിൻറെ ആഗോള ശക്തികേന്ദ്രമായി മാറ്റാനും ആത്മനിർഭർ ഭാരത്തിലൂടെ സാധിച്ചെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. മേക്ക് ഇൻ ഇന്ത്യ ഇപ്പോൾ make for world ആയി മാറിയിരിക്കുന്നെന്നും അദ്ദേഹം പറഞ്ഞു. ആകർഷകമായ പ്രാദേശിക സ്റ്റാർട്ട്അപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് Aatma nirbhar Innovation എന്ന ഹാഷ് ടാഗോടെ മാധ്യമത്തിൽ പോസ്റ്റ് ചെയ്യണമെന്നും ശ്രീ മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ്)

**********************************

ഹെഡ്ലൈൻ-1എ

**മൻ കി ബാത്ത്-സൈബർ (ഇൻട്രോ)**

വ്യാജ ഫോൺ സന്ദേശങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും തട്ടിപ്പ് നടത്തുന്ന സൈബർ സംഘങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഒരു അന്വേഷണ ഏജൻസിയും ഫോൺകോളിലുടെയോ വീഡിയോകോളിലൂടെയോ അന്വേഷണം നടത്താറില്ല. കൂടാതെ ഡിജിറ്റൽ അറസ്റ്റ് എന്നൊരു നടപടി രാജ്യത്ത് നിലവിലില്ലെന്നും അദ്ദേഹം

RNU TVPM

വ്യക്തമാക്കി. ഇത്തരം വ്യാജ സന്ദേശങ്ങൾ ലഭിച്ചാൽ ഉടൻ നാഷണൽ സൈബർ ഹെൽപ്ലൈൻ നമ്പറായ 1930 ൽ വിളിക്കുകയോ, cybercrime.gov.in-ൽ റിപ്പോർട്ട് ചെയ്യുകയോ വേണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. ബോധവൽക്കരണത്തിനായി ജനങ്ങൾ SafeDigitalIndia എന്ന ഹാഷ് ടാഗ് ഉപയോഗിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

*********************************

## മൻ കി ബാത് - കാലിഗ്രാഫി (ഇൻട്രോ)

കാലിഗ്രാഫിയെക്കുറിച്ചും ഇന്ത്യൻ കലകളുടെയും സംസ്കാരത്തിന്റെയും വൈവിധ്യത്തെക്കുറിച്ചും സംസാരിച്ച പ്രധാനമന്ത്രി, ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ ഇന്ത്യൻ സാഹിത്യത്തിന് ലഭിക്കുന്ന സ്വീകാര്യതയെക്കുറിച്ചും വാചാലനായി. വിദേശ മണ്ണിൽ ഭാരതസംസ്കാരത്തിന്റെ ശക്തി അത്ഭുതകരമായ രീതിയിലാണെന്ന് ലാവോസ് സന്ദർശനത്തിനിടെയുണ്ടായ അനുഭവം ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രധാനമന്ത്രി വ്യക്തമാക്കി. നമുക്ക് ചുറ്റുമുള്ള സാംസ്കാരിക സംരംഭങ്ങൾ CulturalBridges-എന്ന ഹാഷ്ടാഗിൽ പങ്കിടാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

RNU TVPM

(ഹോൾഡ് വോയിസ്)

*********************************

## മൻ കി ബാത് - ഫിറ്റ് ഇന്ത്യ

പ്രതികൂലമായ കാലാവസ്ഥയിലും ഫിറ്റ് ഇന്ത്യ എന്ന ആശയം മുൻനിർത്തിക്കൊണ്ട് ആരോഗ്യത്തോടെ ഇരിക്കാൻ പരിശ്രമിക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

യോഗയടക്കമുള്ള മാധ്യമങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണമെന്നും കായിക വിനോദങ്ങളിൽ ഏർപ്പെടണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. ഈ മാസം 29-ന് സംഘടിപ്പിക്കുന്ന 'റൺ ഫോർ യൂണിറ്റി'യിൽ പങ്കാളികളാകാനും ദേശീയ ഐക്യത്തിൻറെ മന്ത്രത്തോടൊപ്പം, എല്ലായിടത്തും ഫിറ്റ്നസ് മന്ത്രവും പ്രചരിപ്പിക്കാനും അദ്ദേഹം പറഞ്ഞു.

**********************************

## മൻ കി ബാത്-ഉത്സവാശംസ

വരാനിരിക്കുന്ന ധൻതേരസ്, ദീപാവലി, ഛഠ് പൂജ, ഗുരുനാനാക്ക് ജയന്തി തുടങ്ങിയ ഉത്സവങ്ങൾക്ക് ആശംസകൾ നേർന്ന പ്രധാനമന്ത്രി, വോക്കൽ ഫോർ ലോക്കൽ എന്ന മന്ത്രം ഓർത്തുക്കൊണ്ട് പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങാൻ ആഹ്വാനം ചെയ്യുക്കൊണ്ടാണ് മൻ കി ബാത്തിൻറെ ഇന്നത്തെ അധ്യായം ഉപസംഹരിച്ചത്.

**********************************

RNU TVPM

ഹെഡ്ലൈൻ-4

## ജോർജ്ജ് കുര്യൻ

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ വികസനത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 177 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 106.2 കോടി രൂപ കേന്ദ്ര സർക്കാർ വഹിക്കും. 70.08 കോടി രൂപ സംസ്ഥാനവും വഹിക്കും. നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുമെന്നും ശ്രീ ജോർജ്ജ് കുര്യൻ അറിയിച്ചു.

സംസ്ഥാനത്തെ ആകെ 5 ഹാർബറുകളാണ് നവീകരിക്കുകയെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

*********************************

ഹെഡ്‌ലൈൻ-5

**കേരള ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)**

സംസ്ഥാനത്ത് ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പ് പ്രചാരണം ശക്തമായി. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 23-ന് നടക്കും. പാലക്കാട് മണ്ഡലത്തിൽ മൂന്ന് മുന്നണി സ്ഥാനർത്ഥികളും ഇന്ന് നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ പ്രചാരണത്തിന് എത്തുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

**(വോയിസ്)**

RNUTVPM

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി നാളെ വീണ്ടും പ്രചരണത്തിനെത്തും. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചരണത്തിന്റെ ഭാഗമായുള്ള ബൂത്തുതല കൺവെൻഷൻ ഇന്ന് ആരംഭിക്കും. എൻഡിഎ സ്ഥാനാർത്ഥി നവ്യാ ഹരിദാസും പ്രചരാണത്തിൽ സജീവമാണ്.

*********************************

**മുഖ്യമന്ത്രി -നവംബർ 1**

മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം നവംബർ

1 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് ഡർബാർ ഹാളിൽ നടക്കുന്ന പരിപാടിയിൽ മത്സ്യബന്ധന-സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. മലയാള ഭാഷയ്ക്കു നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് ഏഴാച്ചേരി രാമചന്ദ്രൻ, ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവരെ സംസ്ഥാന സർക്കാർ ചടങ്ങിൽ ആദരിക്കും.

**********************************

ഹെഡ്‌ലൈൻ-6

## വനിതാ ഏകദിന ക്രിക്കറ്റ്

ഇന്ത്യ-ന്യൂസിലെൻ്റ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചയ്ക്ക് 1.30 അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ഏകദിനത്തിൽ ഇന്ത്യ 59 റൺസിന് വിജയച്ചിരുന്നു.

RNU TVPM

**********************************

ഹെഡ്‌ലൈൻ-6എ

## ഐഎസ്എൽ ഫുട്ബോൾ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ-ഒഡീഷാ പോരാട്ടം. രാത്രി 7.30 ന് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ മുഹമ്മദെൻ എസ് സി-ക്കെതിരെ ഹൈദരാബാദും, ജെഷഡ്പൂരിനെതിരെ നോർത്ത് ഈസ്റ്റ് യുണൈറ്റഡും വിജയിച്ചു.

**********************************

## ഇൻഫൻട്രി ദിനം-പ്രധാനമന്ത്രി

ഇൻഫൻട്രി ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് എന്നിവർ ഇന്ത്യൻ സൈനികരുടെ ഉത്സാഹത്തെയും ധീരതയെയും

സ്മരിച്ചു. രാഷ്ട്രത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏതു പ്രതികൂല അവസ്ഥയിലും ഉറച്ചു നിൽക്കുന്നവരാണ് ഇൻഫൻട്രി സേനാംഗങ്ങളെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

*

***************

*****************************************************

RNU TVPM